**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 117** **10-06-2024 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; 2024-ൽ നാളിതുവരെ ഇത്തു പ്രകാരമുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ചില ജില്ലകളിൽ കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളിൽ വർധനവ് ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2024-ൽ നാളിതുവരെ 2,450 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | 2018 മുതൽ 2023 വരെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും തീർപ്പാക്കിയവയുടെ എണ്ണവും വർഷാടിസ്ഥാനത്തിൽ തിരിച്ച് അറിയിക്കാമോ; | (ബി) | 2018 മുതൽ 2023 വരെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും, തീർപ്പായവയുടെ എണ്ണവും ചുവടെ ചേർക്കുന്നു. |

| വർഷം | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | തീർപ്പാക്കിയ കേസുകളുടെ എണ്ണം |
|---|---|---|
| 2018 | 3781 | 2407 |
| 2019 | 4350 | 2631 |
| 2020 | 3656 | 1967 |
| 2021 | 4236 | 2095 |
| 2022 | 5291 | 2207 |
| 2023 | 5473 | 1356 |

| | | | |
|---|---|---|---|
| (സി) | ഇത്തരം കേസുകളുടെ വിചാരണ നീളുന്നതുവഴി ഇരകളുടെ രക്ഷിതാക്കൾ കേസുമായി മുന്നോട്ടു പോകുന്നതിന് വിമുഖത കാണിക്കുകയും ഒത്തു തീർപ്പിന് തയ്യാറാവുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അവസ്ഥ കുറ്റകൃത്യങ്ങളെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുമെന്നതിനാൽ കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങളിലെ വിചാരണ വേഗത്തിൽ പൂർത്തിയാക്കി കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നടപ്പാക്കുന്നതിന് വേണ്ടി അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (സി) | ഇത്തരം കേസുകളുടെ വിചാരണ നീളുന്നതുവഴി ഇരകളുടെ രക്ഷിതാക്കൾ കേസുമായി മുന്നോട്ടു പോകുന്നതിന് വിമുഖത കാണിക്കുകയും ഒത്തു തീർപ്പിന് തയ്യാറാവുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി ബഹു.കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് വരുന്നുണ്ട്. കൂടാതെ പ്രത്യേകം Aid Prosecution duty ഏർപ്പെടുത്തുകയും സാക്ഷികൾക്ക് കേസ് വിചാരണയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ബഹു.കോടതികൾ നിലവിൽ ഇത്തരം കേസുകളിൽ വിചാരണ വേഗത്തിൽ പൂർത്തീകരിച്ച് കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ